Break the Chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: അനുപമ T.V IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം:- വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് -കൊല്ലം സ്വദേശി **ശ്രീലക്ഷ്മി** എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 15/01/2022 തീയതിയിലെ ഡി.സി.പി.യു/കെ.എൽ.എം/D2/BL-01/22

==========================================================================

**ഉത്തരവ് നമ്പർ : ICPS-4(A)/396/2022 തീയതി: 18.02.2022**

==========================================================================

കൊല്ലം ജില്ലയിൽ കിളികൊല്ലൂർ പറങ്കിമാംവിള വീട്ടിൽ ശ്രീ.ഉദയൻ, ശ്രീമതി.സിബി എന്നീ ദമ്പതികളുടെ മകളായ ശ്രീലക്ഷ്മി (12 വയസ്സ്) എന്ന കുട്ടി ഹൃദയ സംബന്ധമായ (CHD-Coronory Heart Disease ,Triccuspid Atresia ) രോഗബാധിതയാണ് എന്നും നിലവിൽ കുട്ടി തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഹൃദയ ശസ്ത്രക്രിയ നടത്തി എന്നും കുട്ടിയുടെ കുടുംബം സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും ,ആയതിനാൽ ഇതുവരെ കുട്ടിക്ക് ചികിത്സയ്ക്കായി ചിലവായ ആകെ 26,318/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ കിളികൊല്ലൂർ പറങ്കിമാംവിള വീട്ടിൽ ശ്രീ.ഉദയൻ, ശ്രീമതി.സിബി എന്നീ ദമ്പതികളുടെ മകളായ ശ്രീലക്ഷ്മി യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്ടിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ **6,220/-രൂപ (ആറായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം)** അനുവദിച്ചു ഉത്തരവാകുന്നു.

ടി തുകയായ 6,220/-രൂപ (ആറായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) ബാലനീതി എസ്.ബി.ഐ. ബാങ്ക് അക്കൗണ്ട് ആയ 57044156669 നിന്നും കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസറുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് ആയ 703011400000024 ലേക്ക് നൽകേണ്ടതുമാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക കുട്ടിക്ക് കൈമാറേണ്ടതാണ്. ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം

പകർപ്പ്

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,കൊല്ലം
2. ICPS 4
3. സ്റ്റോക്ക് ഫയൽ
4. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്